**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 319** — **03-03-2023 - ൽ മറുപടിയ്ക്ക്**

**മൂന്നാം നൂറുദിന കർമ്മ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൂന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും പ്രസ്തുത പദ്ധതികൾക്ക് എത്ര തുകയാണ് മതിപ്പുചെലവ് കണക്കാക്കിയിരിക്കുന്നതെന്നും അറിയിക്കാമോ; | (എ) | ഈ സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 2023 ഫെബ്രുവരി 10 മുതൽ മെയ് 20 വരെയാണ് മൂന്നാം 100 ദിന കർമ്മപരിപാടി പ്രഖ്യാപിച്ചിട്ടുള്ളത്. 2023 മെയ് 20-നകം പ്രവൃത്തി ഉദ്ഘാടനം നടത്താവുന്നതോ, പൂർത്തീകരിച്ച് ഉദ്ഘാടനം നടത്താവുന്നതോ ആയ പദ്ധതികളാണ് മൂന്നാം 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 45 വകുപ്പുകളിലായി 1292 പദ്ധതികൾ മൂന്നാം 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. 292 ഉപജീവന മാർഗ്ഗ പദ്ധതികളും, 1000 പശ്ചാത്തല വികസന പദ്ധതികളും ഉൾപ്പെടുന്നു. പദ്ധതികൾ നടപ്പിലാക്കുന്നതിനായി 16000.72 കോടി രൂപയാണ് മതിപ്പ ചെലവ് കണക്കാക്കിയിരിക്കുന്നത്. വിവിധ മേഖലകളിലായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>1. ഊർജ്ജ മേഖല- 29<br><br>2. കൃഷി അനുബന്ധ മേഖല-122<br><br>3. ഗതാഗതം-പൊതുമരാമത്ത് മേഖല-303<br><br>4. ജലവിഭവ-ജലസേചന മേഖല-95<br><br>5. തദ്ദേശസ്വയംഭരണ മേഖല-86<br><br>6. പൊതുസേവന മേഖല-37<br><br>7. വ്യവസായ സാങ്കേതിക മേഖല-99<br><br>8. ശാസ്ത്രീയ സേവന ഗവേഷണ മേഖല—11<br><br>9. സഹകരണ മേഖല-24 |

| | | | |
|---|---|---|---|
| | | | 10. സാമൂഹിക സേവന മേഖല-440<br><br>11. സാമ്പത്തിക സേവന മേഖല-46<br><br>മൂന്നാം 100 ദിന കർമ്മപരിപാടിയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വികസന പ്രവർത്തനങ്ങളുടെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾക്ക് ഊന്നൽ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ? | (ബി) | വികസന പ്രവർത്തനങ്ങളുടെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾക്ക് മൂന്നാം 100 ദിന കർമ്മപരിപാടിയിൽ പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്. 439469 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് മൂന്നാം 100 ദിന കർമ്മപരിപാടി ലക്ഷ്യമിട്ടിട്ടുള്ളത്. ഗതാഗതം-പൊതുമരാമത്ത് മേഖലയിലും, തദ്ദേശസ്വയംഭരണ മേഖലയിലുമാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# ABSTRACT

| Sl. No. | Department | Number of Projects |
|---|---|---|
| 1 | Agriculture Development & Farmers' Welfare | 17 |
| 2 | Animal Husbandry | 4 |
| 3 | AYUSH | 24 |
| 4 | Backward Communities Development Department | 17 |
| 5 | Co-operation | 24 |
| 6 | Cultural Affairs | 35 |
| 7 | Dairy Development Department | 3 |
| 8 | Department of Science and Technology | 5 |
| 9 | Devaswom | 16 |
| 10 | Disaster Management | 9 |
| 11 | Electronics & Information Technology | 31 |
| 12 | Environment | 11 |
| 13 | Finance | 12 |
| 14 | Fisheries | 67 |
| 15 | Food & Civil Supplies | 31 |
| 16 | Forest & Wild Life | 28 |
| 17 | General Education | 35 |
| 18 | Health & Family Welfare | 62 |
| 19 | Higher Education | 52 |
| 20 | Home | 42 |
| 21 | Housing | 9 |
| 22 | Industries & Commerce | 61 |
| 23 | Industry (Coir) | 7 |
| 24 | Labour and Skills | 23 |
| 25 | Law | 1 |
| 26 | Local Self Government | 86 |

| | | |
|---|---|---|
| 27 | Non- Resident Keralites Affairs | 7 |
| 28 | Planning and Economic Affairs (K-DISC) | 2 |
| 29 | Planning & Economic Affairs | 1 |
| 30 | Ports, Archaeology, Archives and Harbour engineering | 7 |
| 31 | Power | 29 |
| 32 | Public Works Department | 231 |
| 33 | Revenue | 19 |
| 34 | Scheduled Castes | 9 |
| 35 | Scheduled Tribes | 9 |
| 36 | Social Justice | 15 |
| 37 | Sports and Youth Affairs | 61 |
| 38 | Taxes | 1 |
| 39 | Taxes (Excise) | 7 |
| 40 | Taxes (Lotteries) department | 3 |
| 41 | Taxes (Registration) | 3 |
| 42 | Tourism | 43 |
| 43 | Transport | 22 |
| 44 | Water Resources | 95 |
| 45 | Women and Child Development | 16 |
| | **Total** | **1292** |